## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.T5716 02.07.2014-ൽ മറുപടിക്ക്**

**കോടശ്ശേരി -പരിയാരം കടവെള്ള പദ്ധതി**

| ചോദ്യം<br>ശ്രീ.ബി.ഡി.ദേവസ്സി | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി - പരിയാരം പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ സഹായകരമായ കോടശ്ശേരി -പരിയാരം കുടിവെള്ള പദ്ധതിയുടെ വാട്ടർ ട്രീറ്റ് മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി പരിയാരം പഞ്ചായത്തിലെ കാഞ്ഞിരപ്പള്ളിയിലെ എം.പി.ഐ വക സ്ഥലത്തുനിന്ന് സ്ഥലം വിട്ടു നൽകുന്നത് സംബന്ധിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ)<br>&<br>(ബി) | ഈ പദ്ധതിക്കുവേണ്ടി പ്ലാന്റ് സ്ഥാപിക്കുന്നതിനായി സ്ഥലം കോടശ്ശേരി പഞ്ചായത്ത് തരേണ്ടതുണ്ട്. സ്ഥലം ഇതുവരെ വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല. പദ്ധതിയുടെ ശുദ്ധീകരണശാലയ്ക്ക് ആവശ്യമായ സ്ഥലം കൃഷിവകുപ്പിന്റെ അധീനതയിലുള്ള മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ(എം.പി.ഐ)യിൽ നിന്നും ലഭ്യമാക്കുന്നത് സംബന്ധിച്ച് 03.07.2014 ൽ കേരള വാട്ടർ അതോറിറ്റിയുടേയും റവന്യൂ അധികാരികളുടേയും എം.പി.ഐ.അധികാരികളുടേയും ഒരു സംയുക്ത സന്ദർശനം നടത്തി സ്ഥലത്തിന്റെ ലഭ്യതയും ഫീസിബിലിറ്റിയും റിപ്പോർട്ട് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി 1.25 ഏക്കർ സ്ഥലം വേണമെന്ന ജലവിഭവ വകുപ്പിന്റേയും കേരള വാട്ടർ അതോറിറ്റിയുടേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അത്രയും സ്ഥലം വിട്ടു നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ